ഉത്തരം

(എ) നെൽകൃഷിയ്ക്ക് പരിധിയില്ലാതെയും കരകൃഷിയ്ക്ക് 2 ഹെക്ടർ വരെ പരിധി നിശ്ചയിച്ചും സൗജന്യ വൈദ്യുതി നൽകിവരുന്നു.

(ബി) 204.81 ലക്ഷം രൂപ.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡിന് നൽകാനുള്ള തുക പൂർണ്ണമായും നൽകാത്തതിനാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതായി ചില കർഷകരിൽനിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ബോർഡ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കുടിശ്ശിക അടയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന കാരണത്താൽ മാത്രം കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതല്ല എന്നും എന്നാൽ പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്ന കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കേണ്ടി വരുമെന്നും അറിയിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡിനു നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

റബ്ബറിനെയും കയറിനെയും കാർഷിക ഉല്പന്നങ്ങളായി കണക്കാക്കണമെന്ന ആവശ്യം

91 [2060] ശ്രീ. പി. ജെ. ജോയി:
,, എം. മുരളി:
,, ടി. എൻ. പ്രതാപൻ:
,, എം. പി. ഗംഗാധരൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) റബ്ബറിനെയും കയറിനെയും കാർഷിക ഉല്പന്നങ്ങളായി കണക്കാക്കേണ്ടതിന്റെ ആവശ്യകത ഡബ്ളിയു. ടി. ഒ.-യിൽ ഉന്നയിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21-8-2003-ൽ കേന്ദ്ര കൃഷി മന്ത്രിക്ക് സംസ്ഥാന കൃഷി മന്ത്രി അയച്ച കത്തിൽ ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. കൂടാതെ ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പുകളും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കെല്ലാം അയയ്ക്കുകയും, മുൻ വാണിജ്യകാര്യ മന്ത്രിക്ക് കത്തയയ്ക്കുകയും കൃഷി വകുപ്പുമന്ത്രി നേരിട്ട് വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കേന്ദ്ര മന്ത്രിക്കും പ്രധാനമന്ത്രിക്കും സമർപ്പിച്ച മെമ്മോറാണ്ടങ്ങളിലും ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly